ഫുഡ് ഡിപ്പാർട്ടുമെൻറ്	264
എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറ്	210
പബ്ലിക് വർക്സ് ഡിപ്പാർട്ടുമെൻറ്	823
ലാ ഡിപ്പാർട്ടുമെൻറ്	5
ഫിനാൻസ് ഡിപ്പാർട്ടുമെൻറ്	44

അദ്ധ്യാപകന്മാരുടെ ശമ്പളം

* 735. [25] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് പ്രൈമറിയും, പ്രൈവറ്റ് സെക്കൻഡറിയും അദ്ധ്യാപകന്മാരുടെ ശമ്പളം, അലവൻസ് മുതലായവ സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളവും അലവൻസിനും തുല്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ആ തീരുമാനം എടുത്തത്;

(സി) എന്നു മുതൽ അദ്ധ്യാപകന്മാർക്ക് ഈ ശമ്പളം കിട്ടും;

(ഡി) സർക്കാർ സ്കൂൾ അദ്ധ്യാപകന്മാർ അവരുടെ ആവശ്യതകൾ വിവരിച്ചുകൊണ്ട് വല്ല നിവേദനവും ഗവണ്മെൻറിനു നൽകിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ):

(എ) പ്രൈവറ്റ് പ്രൈമറിയും, പ്രൈവറ്റ് സെക്കൻഡറിയും അദ്ധ്യാപകന്മാരുടെ ശമ്പളം അലവൻസ് മുതലായവ പരിഷ്കരിക്കുന്ന പ്രശ്നം ഗവണ്മെൻറിന്റെ പര്യാലോചനയിൽ ഇരിക്കുന്നുണ്ട്. അവസാന തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ശമ്പള പരിഷ്കരണം എന്നു മുതൽ നടപ്പിലാക്കണമെന്നുള്ള കാര്യവും ആലോചിക്കുന്നുണ്ട്.

(ഡി) സർക്കാർ സ്കൂൾ അദ്ധ്യാപകന്മാർ അവരുടെ പല ആവശ്യതകളും വിവരിച്ചുകൊണ്ട് പലപ്പോഴും നിവേദനങ്ങൾ ഗവണ്മെൻറിനു നൽകിയിട്ടുണ്ട്.

ഭാരതസേവാസംഘം

* 736. [26] ശ്രീ. കെ. പി. ഫോർമിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തിൽ ഭാരതസേവാസംഘത്തിന്റെ ആഭിമുഖ്യത്തിൽ എത്ര ക്യാമ്പുകൾ നടത്തി;

(ബി) പ്രസ്തുത ക്യാമ്പുകളിൽ പരിശീലനം ലഭിച്ച യുവതീയുവാക്കന്മാർ എത്ര?

(സി) എത്ര തുക വില മതിക്കാവുന്ന പൊതുമരാമത്തുപണികൾ മേൽ പറഞ്ഞ ക്യാമ്പുകളുടെ ആഭിമുഖ്യത്തിൽ ചെയ്തീർത്തിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) യുവാക്കന്മാർക്കായി ഇരുപത്തിരണ്ടും (22) യുവതികൾക്കായി പത്തും (10) ക്യാമ്പുകൾ നടത്തിട്ടുണ്ട്.

(ബി) (622) അറുനൂറ്റി ഇരുപത്തിരണ്ട് യുവതികളും (1590) ആയിരത്തി അഞ്ഞൂറ്റി തൊണ്ണൂറ് യുവാക്കന്മാരും.

(സി) ഭാരത് സേവക് സംഘത്തിൽനിന്നും കിട്ടിയ അറിവനുസരിച്ച് സ്ഥലവാസികളുടെ സഹായത്തോടുകൂടി യുവാക്കന്മാർ ഏകദേശം എൺപത്തിനാലായിരം (84,000) രൂപ വില മതിക്കാവുന്ന ജോലികൾ ചെയ്തീർത്തിട്ടുണ്ട്.

യുവതികൾ ചെയ്തിട്ടുള്ള ജോലിയുടെ വില നിർണ്ണയിച്ചിട്ടില്ല.

ഇൻഡ്യൻ സോഷ്യൽ വെൽഫെയർ ബോർഡ്.

* 737. [27] ശ്രീ. കെ. പി. ഹോർമിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ സോഷ്യൽ വെൽഫെയർ ബോർഡിന്റെ തിരുവിതാംകൂർ-കൊച്ചി ശാഖയിൽനിന്നും സാമൂഹ്യ പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങൾക്ക് ആകെ എത്ര തുക അനുവദിച്ചു.

(ബി) ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര തുകകൾ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സാമൂഹ്യപ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങൾക്ക് സഹായധനം നൽകുന്നതു് സ്റ്റേറ്റ് ബോർഡല്ല. സെൻട്രൽ സോഷ്യൽവെൽഫെയർ ബോർഡാണു്. സെൻട്രൽ ബോർഡിലേയ്ക്കു പ്രസ്തുത സ്ഥാപനങ്ങൾക്ക് സഹായധനം നൽകുന്നതിനു് സ്റ്റേറ്റ്ബോർഡ് ശുപാർശ അയയ്ക്കുക മാത്രമേ ചെയ്യാറുള്ളൂ.

(ബി) സെൻട്രൽബോർഡ് സഹായധനം അനുവദിച്ച സ്ഥാപനങ്ങളുടെ ഒരു പട്ടിക † മേശപ്പുറത്തു വച്ചിട്ടുണ്ട്.

പോലീസ് ഉദ്യോഗസ്ഥന്മാർക്ക നൽകിയ പാരിതോഷികം.

* 738. [28] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെക്കൻ തിരുവിതാംകൂറിൽ 1954 ആഗസ്റ്റ് 11-ാംതീയതി ആരംഭിച്ചു തമിഴ്നാട് പ്രക്ഷോഭണമെന്നറിയപ്പെട്ടിരുന്ന സംഭവങ്ങൾ സംബന്ധിച്ച് അന്നത്തെ പോലീസ് ഉദ്യോഗസ്ഥന്മാർ കൈക്കൊണ്ട നടപടികൾക്കുവേണ്ടി ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനു് എന്തെങ്കിലും സമ്മാനമോ മറ്റു പ്രതിഫലങ്ങളോ കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതാർക്കൊക്കെ; എന്തൊക്കെ;

† Please see Appendix VI.

LIBRARY ARCHIVES Kerala Legislative Assembly